തിരുവിതാംകൂർ–കൊച്ചിയിലെ അദ്ധ്യാപക ശമ്പളക്രമീകരണം എന്ന നടപ്പിൽ വരുത്തും ?

ചീഫ് മിനിസ്റ്റർ (ശ്രീ. സി. കേശവൻ): ഇക്കാര്യം ഗവണ്മെണ്ടിന്റെ പരിഗണനയിൽ ഇരിക്കുകയാണ്. കഴിയുന്നതും വേഗം നടപ്പിൽവരുത്താനാണ് ഉദ്ദേശിക്കുന്നത്.

അഞ്ചൽവകുപ്പു സംഘടനം

*നം ൦൭. (൭൫) ശ്രീ. എ. വി. ജോസഫ്: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട അഞ്ചൽവകുപ്പുമന്ത്രി സദയം മറുപടി പറയുമോ.—

(എ) അഞ്ചൽവകുപ്പു സംഘടനം പൂർത്തിയായൊ ;

(ബി) സംഘടനത്തോടുകൂടിത്തന്നെ തിരുവിതാംകൂർ–കൊച്ചി സംസ്ഥാനത്തുള്ള അഞ്ചൽ ജീവനക്കാരുടെ ശമ്പളത്തിനു വല്ല വ്യത്യാസവും വരുത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ ?

ചീഫ് മിനിസ്റ്റർ (ശ്രീ. സി. കേശവൻ) :

(എ) ആൻഡ് (ബി) അഞ്ചൽവകുപ്പു കേന്ദ്രഗവണ്മെണ്ടു് ഏറ്റെടുക്കുന്നകാര്യവും ശമ്പളസമീകരണകാര്യവും കേന്ദ്രഗവണ്മെണ്ടിന്റെ ആലോചനയിൽ ഇരിക്കയാണ്.

ബോട്ട് സർവ്വീസ്

*നം ൦൮. (൫൯) ശ്രീ. എ. എൽ. ജേക്കബ്: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട മരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

(എ) എറണാകുളം–മട്ടാഞ്ചേരി ഫെറി സർവ്വീസിൽ എത്ര ബോട്ടുകൾ ക്രമമായി ഓടുന്നുണ്ട് ?

(ബി) സർവ്വീസിന്റെ കാര്യക്ഷമതയില്ലായ്മയെപ്പറ്റി യാത്രക്കാരിൽ നിന്നും വല്ല പരാതിയും ഗവണ്മെണ്ടിനു സിദ്ധിച്ചിട്ടുണ്ടോ ?

(സി) ഫെറി സർവ്വീസ് ഗവണ്മെണ്ടു് ഏറ്റെടുത്തതുമുതൽ ഓരോ വർഷവും ഉണ്ടായിട്ടുള്ള ലാഭനഷ്ടമെത്ര ?

ചീഫ് മിനിസ്റ്റർ (ശ്രീ. സി. കേശവൻ) :

(എ) എറണാകുളം–മട്ടാഞ്ചേരി ഫെറിസർവ്വീസിൽ ക്രമമായി അഞ്ചു ബോട്ടുകളും തിരക്കുള്ള സമയങ്ങളിൽ പ്രത്യേകമായി വേറൊരു ബോട്ടും ഓടിക്കുന്നുണ്ട്.

(ബി) ഉണ്ട്.

(സി) കൊല്ലവർഷം ൧൧൩൮–ൽ ൧൫,൪൩൹രൂ. ൩൫പൈ യും ൧൧൩൯–ൽ ൪൦,൪൩൫രൂ. ൬൦. ൧൫പൈയും ആദായമുണ്ടായിരുന്നു. ൧൧൩൬-ാമാണ്ടത്തെ കണക്കുകൾ ശരിപ്പെടുത്തി കഴിഞ്ഞിട്ടില്ലായ്കയാൽ ഏതു ലാഭമുണ്ടായിരിക്കുമെന്നു പറയാൻ ഇപ്പോൾ നിവൃത്തിയില്ല.

വനം പതിവു്

*നം ൦൯. (൩൦) ശ്രീ. കൃഷ്ണൻ അയ്യപ്പൻ: താഴെ പറയുന്ന ചോദ്യത്തിനു് ബഹുമാനപ്പെട്ട വനംവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

'പറവൂർ പൊന്നമ്മ' എന്നൊരു വനിതയ്ക്കു് നെടുമങ്ങാടു് താലൂക്കിലുള്ള വനത്തിൽനിന്നും ൪ ഏക്കർ സ്ഥലം കൊടുത്തെന്നു വൻ ൪ ജനുവരി ൧൯–൫

LIBRARY ARCHIVES Kerala Legislative Assembly

തിയ്യതിയിലെ മലയാളിയിൽ എഴുതിയിരുന്നതുപോലെ കൊടുത്തിട്ടുണ്ടോ; ഉണ്ടെങ്കിൽ വനം നൽകിയതു എന്തടിസ്ഥാനത്തിലും ആവശ്യത്തിനുമാണു്?

ചീഫ് മിനിസ്റ്റർ (ശ്രീ. സി. കേശവൻ): നെടുമങ്ങാട് താലൂക്കിലുള്ള വനത്തിൽനിന്നും 'പറവൂർ പൊന്നമ്മ' എന്ന വനിതയ്ക്കു സ്ഥലം കൊടുത്തിട്ടില്ല.

NEYYAR SCHEME

***310.** [64] **Sri. R. Chellaswami Nadar:** Will the Hon'ble Minister for Public Works be pleased to state.—

(*a*) whether the investigation of the Neyyar Scheme has been completed;

(*b*) the places and acreage which will be benefitted;

(*c*) the approximate cost;

(*d*) whether execution will be ordered immediately?

Chief Minister **(Sri. C. Kesavan):**

(*a*) It is nearing completion.

(*b*) Places are Vilavancode, Neyyattinkara, Nedumangad and Trivandrum taluks through which two Distribution channels are proposed to be cut. The Right Bank Channel is expected to benefit 7,000 acres of existing lands and 8,000 acres of possible conversions. The Left Bank Channal is expected to benefit 5,250 acres of existing paddy lands and 10,000 acres of possible conversions.

(*c*) Rs. 2·2 Crores.

(*d*) The question of taking up the work will be considered after receipt of the investigation report.

മെഡിക്കൽ കോളേജ് വിദ്യാർത്ഥികൾ

*൩൯൫. (൭൩) സാഹിബ് ബഹദൂർ എ. കെ. കുഞ്ഞുമൊയ്തീൻ താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട വിദ്യാഭ്യാസമന്ത്രി സദയം മറുപടി പറയുമോ.—

കല്ക്കത്ത ആർ. ജി. കാർ—മെഡിക്കൽ കോളേജിലേക്കു ഗവൺമെണ്ടിൽനിന്നും അയച്ചിട്ടുള്ള വിദ്യാർത്ഥികൾക്കു നൽകിവരുന്ന സഹായധനം ഇന്നത്തെ ജീവിതച്ചെലവനുസരിച്ചു കൂട്ടി കിട്ടണമെന്ന അപേക്ഷ ലഭിച്ചിട്ടുണ്ടോ?

ചീഫ് മിനിസ്റ്റർ (ശ്രീ. സി. കേശവൻ): ഉണ്ടു്.

BASIC EDUCATION

***312.** [76] **Sri. A. P. Udayabhanu:** Will the Hon'ble Minister for Education be pleased to state.—

May I know from the Hon'ble Minister for Education, Labour and Civil Supplies whether the Central Government has given the State any grant for the training of teachers in basic education?

Chief Minister **(Sri. C. Kesavan):** No.

Starred Questions posted for Answer on 5th March 1951

അവശസമുദായക്കാർക്കു ശുശ്രൂഷാ സ്ഥലം

*൩൯൬. (൧) ശ്രീ. ടി. ടി. കേശവൻ ശാസ്ത്രി: താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട ഹരിജനോദ്ധാരണവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

(എ) ചങ്ങനാശ്ശേരി താലൂക്കിൽ കാഞ്ഞിരപ്പള്ളി തെക്കു പകുതിയിൽ ഉൾപ്പെട്ട ഏതുമേലിൽ അവശസമുദായക്കാരുടെ ഉപയോഗത്തിലേക്കു ഒരു

LIBRARY ARCHIVES Kerala Legislative Assembly